(ബി) ഇതിനുവേണ്ടി വാങ്ങിയിട്ടുള്ള ഉപകരണങ്ങൾ എന്തെല്ലാം;

(സി) ഇതിന്റെ പ്രവർത്തനം പഠിക്കാൻ പോലീസ് സേനയുടെ എല്ലാ തലത്തിലും ഉള്ളവർക്ക് അവസരം ഉണ്ടാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കുറ്റാന്വേഷണ സമ്പ്രദായം നവീകരിക്കുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന ആധുനിക ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്.

1. വി.ഡി.-യോ സ്പെക്ടറൽ കമ്പാരേറ്റർ—5000 (വി.എസ്സ്.സി.-5000)
2. കമ്പാരിസൺ മൈക്രോ സ്കോപ്പ്
3. ഫ്യൂറിയർ ട്രാൻസ്ഫോർമർ ഇൻഫ്രാറെഡ് സ്പെക്ട്രോ ഫോട്ടോ മീറ്റർ (എഫ്.ടി.ഐ.ആർ.)
4. ഹൈപ്രിസിഷൻ തിൻ ലെയർ ക്രൊമറ്റോ ഗ്രാഫ് (എച്ച്.പി.റ്റി.എൽ.സി.)
5. ഗ്യാസ് ക്രൊമറ്റോഗ്രാഫ് (ജി.സി.)
6. ആറ്റോമിക് അബ്സോർബ്ഷൻ സ്പെക്ട്രോ ഫോട്ടോ മീറ്റർ (എ.എ.എസ്സ്.)
7. സൂം സ്റ്റീരിയോ മൈക്രോസ്കോപ്പ്
8. ബൈനോകുലർ മൈക്രോസ്കോപ്പ്
9. ട്രൈനോകുലർ മൈക്രോസ്കോപ്പ്
10. ഡാറ്റാ പ്രൊജക്ഷൻ എക്യൂപ്മെന്റ്
11. കൂളിംഗ് ഇൻകുബേറ്റർസ്
12. സെൻട്രി ഫ്യൂജ്
13. യു.വി.വിസിബിൾ സ്പെക്ട്രോഫോട്ടോ മീറ്റർ
14. ഇമേജ് വർക്കിംഗ് സ്റ്റേഷൻ

(സി) പരിശോധിയ്ക്കാവുന്നതാണ്.

പോലീസ് പരിശീലന പദ്ധതി പരിഷ്ക്കരിക്കാൻ നടപടി

29 [3080] ശ്രീ. പി. കെ. കെ. ബാവ:

,, പി. കെ. അബ്ദുറബ്ബ്:

,, നാലകത്ത് സൂപ്പി: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിലെ പോലീസ് സംവിധാനത്തിൽ ഇപ്പോൾ നടന്നുവരുന്ന പരിശീലന പദ്ധതികൾ പരിഷ്ക്കരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

സർക്കാർ ഉത്തരവ് ജി.ഒ. (എം.എസ്) നമ്പർ 192/04/ആഭ്യന്തരം തീയതി 19-5-2004 പ്രകാരം പോലീസുകാരുടെ ട്രെയിനിംഗ് സിലബസ് പരിഷ്ക്കരിച്ചിട്ടുണ്ട്. ഇതുപ്രകാരം നിയമ അനുബന്ധ വിഷയങ്ങൾ കൂടാതെ കരാട്ടെ, യോഗ, നീന്തൽ, കമ്പ്യൂട്ടർ, ഡ്രൈവിംഗ് തുടങ്ങിയ പരിശീലനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. പോലീസ് ഉദ്യോഗസ്ഥർ അനുവർത്തിക്കേണ്ട സ്വഭാവരീതികളും തെളിവ് നിയമങ്ങളും പഠിപ്പിക്കുന്നതിനായി സിലബസിൽ മാറ്റം വരുത്തിയിട്ടുണ്ട്. ട്രെയിനിംഗ് പീരിയഡുകൾ ഇപ്പോൾ നിലവിലുള്ളത് 1750 ആണ്. ഇത് 2170 ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. നിലവിലുള്ള ഡെയ്ലി ഷെഡ്യൂൾ ദിവസേന 380 മിനിട്ട് എന്നത് 430 മിനിട്ടായി വർദ്ധിപ്പിച്ചു. ഇത്തരത്തിൽ ഇൻഡോർ/ഔട്ട്ഡോർ പീരിയഡുകളിൽ നിലവിലുള്ളവയുടെ പീരിയഡുകൾ വർദ്ധിപ്പിച്ചും പുതിയവ ഉൾപ്പെടുത്തിയും ആധുനിക രീതിയിലുള്ള പരിശീലനമാണ് ഇപ്പോൾ നൽകിവരുന്നത്.

ഹവാല കേസിൽ ക്രൈംബ്രാഞ്ച് അന്വേഷണം

30 [3081] ശ്രീ. പി. സി. ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹവാല കേസുമായി ബന്ധപ്പെട്ട് ക്രൈംബ്രാഞ്ച് അന്വേഷണം പൂർത്തിയായോ;

(ബി) എത്ര കോടി ഹവാല പണം കേരളത്തിൽ എത്തി എന്നാണ് കണ്ടു പിടിക്കപ്പെട്ടിട്ടുള്ളത്;

(സി) ഈ പണം എന്തിനെല്ലാം ഉപയോഗപ്പെടുത്തിയതായാണ് പറഞ്ഞിട്ടുള്ളത്;

(ഡി) ഇടനിലക്കാരല്ലാതെ മുഖ്യപ്രതികളായ എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്;

(ഇ) ഇനിയും പ്രതികളെ കിട്ടാനുണ്ടോ;

(എഫ്) ഹവാല പണമിടപാട് പ്രതികൾക്കെതിരെ ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) പൂർത്തിയായിട്ടില്ല.

(ബി) 504 കോടി.

(സി) വെളിവായിട്ടില്ല.

(ഡി) ക്രൈം. 474/സി.ആർ./04-ൽ രണ്ടു പ്രതികളെ (1-ഉം 4-ഉം) അറസ്റ്റ് ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly